# തിലോത്തമ

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# തിലോത്തമ

[ഒരു ലഘുകാവ്യം]

Digitized By Kerala Sahitya Akademi

# THILOTHAMA

[Poetry]

By

**CHANGAMPUZHA**

Fourth Impression, October 1957

1000 Copies

PUBLISHERS:

THE MANGALODAYAM (Private) LTD.,

TRICHUR.

**Price: 50 nP.**

Digitized By Kerala Sahitya Akademi

# തിലോത്തമ

[ഒരു ലഘുകാവ്യം]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

വില: 50 നപ.

Digitized By Kerala Sahitya Akademi

| | |
|---|---|
| First Impression in Thulam 1119 | Copies 1000 |
| Second Impression in Meenom 1120 | 1000 |
| Third Impression in Chingom 1122 | 1000 |
| Fourth Impression in Thulam 1133 | 1000 |

*All rights reserved by*

Mrs. SREEDEVI CHANGAMPUZHA

"SREEDEVI MANDIRAM"

EDAPPALLY

Kerala State

Price:
50 nP.

Printed at
THE MANGALODAYAM PRESS
TRICHUR.

Digitized By Kerala Sahitya Akademi

To

MY BELOVED DAUGHTER

**AJITA KUMARI.**

Cochin,
25—2—1119

CHANGAMPUZHA.

Digitized By Kerala Sahitya Akademi

കാലം ശരിക്കുള്ള കൂലി നല്കും നിന്റെ
ദുർബ്ബലൻ, ദുഃഖിതൻ, നിരാശനാണിന്നു നീ!

—ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

# അവതാരിക

ആ കലാകാരൻ എൻെറ കൺമുമ്പിൽ നില്ക്കുന്നു! ആ തിളങ്ങുന്ന കണ്ണുകളിൽ പൊരുളുള്ള ഒരു കിനാവു കാണ്മാൻ കഴിയും. അതേ, തിലോത്തമയെക്കുറിച്ചുള്ള മധുരവിഭാവനകളിൽ അയാൾ ആമഗ്നനാണ്.

അവികലമായ ആ നിരുപമസൃഷ്ടാവിശേഷം ആ കലയായി നിലകൊള്ളുന്നു. ആ അകല്പതന്നെയാണ് അയാളെ ഒരു കലാകാരനാക്കിയിട്ടുള്ളതു്. വിദൂരത അഴക വദ്ധിപ്പിക്കും. [Distance all value enhances!] തിലോത്തമയാണ് ആ ചിത്രകാരൻെറ ജീവിതലക്ഷ്യം. "Ah, a man's reach should exceed his grasp or what is the heaven for?" എന്നു ബ്രൗണിങ്ങ് പറഞ്ഞതുപോലുള്ള കലാബോധം അയാൾക്കും ഉണ്ടായിരുന്നിരിക്കാം. തിലോത്തമയെക്കുറിച്ചുള്ള ഭാവന അത്രമാത്രം വിശുദ്ധവും വിദഗ്ദമാകനവുമായിരുന്നു.

തിലോത്തമ ഒരു വ്യക്തിയല്ല. ഒരു സങ്കേത— സൗന്ദര്യസങ്കേത—മാണ്. ഒരു കലാകാരൻെറ പരശ്ശതം മധുരസ്വപ്നങ്ങളെയാണതു പ്രതിനിധീകരിക്കുന്നതു്. ആ സ്വപ്നസാക്ഷാൽക്കാരം സമഗ്രഭാവത്തിൽ സാദ്ധ്യമാണോ?

പക്ഷേ തിലോത്തമയുടെ കലാകാരൻ ജീവിതലക്ഷ്യം സമീപിച്ചു. അതോടെ മററാശകൾ സമാപിച്ചു. സൗന്ദര്യത്തിൻെറ പരിധി അയാൾ ദശിച്ചു. അയാൾ ജന്മമെടുത്തതു് അതിനാണ്. തിലോത്തമ ജനിച്ചു. ആ മുഹൂത്തം ധന്യംതന്നെ. അയാൾ മരിച്ചു.



Digitized By Kerala Sahitya Akademi

കലാകാരനെ അകമെന്നിന്നും, പുറമെന്നിന്നും അവലോകനംചെയ്യാൻ കഴിയും. അയാളുടെ അനുഭവത്തെ ആസ്വദമോക്ഷനാപക്ഷം അയാൾ തിലോത്തമയിൽ സൗന്ദര്യത്തിൻെറ തികവുതന്നെ കണ്ടു നിവൃതിയാണു. അതൊരു സിദ്ധിതന്നെ. അയാളെസ്സംബന്ധിച്ച മുക്തിതന്നെ.

പുറമെന്നിന്നുകൂടി ആ അനുഭവത്തെ വിശകലനം ചെയ്യാം. കലാകാരൻ സൗന്ദര്യത്തിൻെറ ആരാധകൻ തന്നെ. സ്തുതിപാഠകനുമാണ്. ഓത്തോമ്മിക്കേണ്ടതായുണ്ട്. സൗന്ദര്യത്തിനു സീമയില്ല. കല പൂണ്ണവുമല്ല.

അയാൾ ചിത്രണംചെയ്ത തിലോത്തമയിൽ സൗന്ദര്യത്തിൻെറ പൂണ്ണിമ കണ്ടുപോയതിനു തിലോത്തമ കുററക്കാരിയല്ല. സൗന്ദര്യം അവിടെ അവസാനിക്കുന്നില്ലല്ലോ. അതു കാണ്മാനുള്ള കണ്ണും പകത്താനുള്ള കഴിവും ആ ചിത്രകാരനില്ലാതെ പോയെന്നേ അത്ഥമുള്ളു. അകലെ നിന്ന തിലോത്തമയെ പ്രാപിക്കാനുള്ള അതിമോഹത്തിൽ അയാളുടെ കലാബോധം അടിക്കടി സങ്കുചിതമായി വന്നു.

പുറമെന്നിന്നു നോക്കുമ്പോൾ അതൊരു പരാജയമായിട്ടു പരിഗണിക്കാനേ പററുകയുള്ളു! ('The petty done the vast undone'—Browning) ചെയ്തതെത്ര തുച്ഛം—ചെയ്യേണ്ടതെത്ര മഹത്ത്—എന്നു ഈ കലാകാരനു പറയാൻ കഴിയാതെപോയി. 'മറെറാരു നാകസൗഭഗമീവിധം ചിത്രണംചെയ്യാൻ' അയാൾ അശക്തനാണെന്നോലുന്നുമുണ്ട്. അയാൾ മരിച്ചതിലത്ഭുതമില്ല. ആ മരണത്തെ,



Digitized By Kerala Sahitya Akademi

"കേവലമൊരു മൃത്യുവല്ലതു
ജീവിതോൽകൃഷ്ടസിദ്ധിയാം
അക്കലാപ്രേമദിവ്യശക്തിയാ
ലർപ്പിതമായ മുക്തിയാം

എന്നൽഘോഷിക്കുന്ന കവിയോടു യോജിക്കുവാൻ വിഷമമാണു്. ആ കലാകാരൻ അപ്രകാരം അഭിമാനിച്ചാൽ മനസ്സിലാക്കാം. പക്ഷേ അകലെനിന്നു കാണുന്ന ഒരുവനു് അതു പരാജയമായിട്ടു കാണുവാനേ കഴിയൂ.

തന്റെ ജീവിതം തുടരുന്നപക്ഷം:—

"മേലിലും വലിച്ചീടുമാശയെൻ-
പേലവമാം മനസ്സിനെ,
മന്നിലെങ്ങും തെളിഞ്ഞിടുമോരോ
മഞ്ജിമയെപ്പുണരുവാൻ.
ആകയില്ലെനിയ്ക്കെന്നാൽ മറ്റൊരു
നാകസൗഭഗമീവിധം
ചിത്രണം ചെയ്യാൻ മേലിൽ—"

എന്നു ദയനീയമായ ശക്തിഹീനതയെ ആ ചിത്രകാരൻ സമ്മതിക്കുന്നുമുണ്ടു്. തിലോത്തമ അയാളുടെ കലാബോധത്തിനു് അതിരു വരച്ചു. ആശയ്ക്കും അങ്കുശമിട്ടു. പ്രാപിക്കാൻ കഴിഞ്ഞിട്ടുള്ള തിലോത്തമ സൗന്ദര്യത്തിന്റെ പൂർണ്ണിമയല്ലെന്നു് ആ കലാകാരനൊഴികെ മറ്റാക്കും വിശദമാവുകയും ചെയ്യും. ആ മരണത്തെ ഒരു സിദ്ധിയാണെന്നും മുക്തിയാണെന്നും എങ്ങിനെയാണു് വാഴ്ത്തുക? ഈ ചിത്രകാരൻ പ്രകടിപ്പിച്ച മനോഗതിയെ മറ്റുള്ളവർ മാനിക്കുമോ ആവോ!



Digitized By Kerala Sahitya Akademi

ആ ചിത്രകാരന്റെ ചരമരംഗത്തിലേയ്ക്കു് ഏതാനും വരികൾകൊണ്ടു കവി സജ്ജമാക്കുന്ന പശ്ചാത്തലം സമുചിതവും അർത്ഥവത്തുമാണു്. അന്തിമാരുണകാന്തിവീചികളാണു് ആ മച്ചിൽ പ്രസരിക്കുന്നതു്. ആ കലാകാരനോടൊപ്പം അന്തിമാർക്കനും കൃത്യങ്ങളെല്ലാം കഴിഞ്ഞുക്ഷീണിച്ചു നാശോന്മുഖനായി നില്ക്കുകയാണു്. പ്രകാശമെല്ലാം ചിലവായിക്കഴിഞ്ഞു. ആ കലാകാരന്റെയും കഴിവുകളെല്ലാം കലാശിച്ചുകഴിഞ്ഞിരിക്കുന്നു. കലാകാരനും കർമ്മസാക്ഷിയും തുല്യനിലയിൽ നില്ക്കുകയാണു്. ആ ശോകാത്മകമായ ഐക്യം ഹൃദയസ്പൃക്കമാണു്. പ്രകാശം മാഞ്ഞുതുടങ്ങി. അവിടെയെങ്ങും ഇരുൾ നിറയും.

ഈ മനോഹരമായ ചെറുകാവ്യത്തിന്റെ ഇതിവൃത്തം ചെറുതെങ്കിലും ചിന്തോദ്ദീപകംതന്നെ. കവി അന്ത്യത്തിൽ പ്രത്യക്ഷനാകാതിരുന്നെങ്കിൽ ഇതൊരു നാടകീയസ്വഗതോക്തി(Dramatic monologue)യായിത്തീർന്നേനെ. ഈ കഥയ്ക്കു കനമുണ്ടു്. പ്രതിപാദ്യരീതിയിൽ പുതുമയുമുണ്ടു്.

ചങ്ങമ്പുഴയുടെ കവനസരണിയെ ഞാനെന്തിനു വാഴ്ത്തണം. ഞാനതിനെ ആവേശപൂർവ്വം ആരാധിക്കുന്നവനാണു്. താമരയിലയിൽ സലിലബിന്ദുപോലെ ആ തൂലികാഗ്രത്തിൽ സാധാരണമായ ആശയങ്ങൾപോലും തേജോമയമാകുന്നതു കാണാം.

ആനന്ദഭരിതനായി ഞാൻ തിലോത്തമയെ സാഹിത്യാരാമത്തിലേയ്ക്കു വതരിപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം,
20—3—1119.

ടി. എൻ. ഗോപിനാഥൻനായർ ബി. എ.



Digitized By Kerala Sahitya Akademi

# തിലോത്തമ

അല്ല;— ചായങ്ങൾ ചേർത്തു ചാലിച്ച-
തല്ല, നിന്നെ ഞാ,നോമലേ!
ആകയില്ലൊരു തൂലികയ്ക്കുമീ
നാകസൗഭഗം പൂശുവാൻ.
ചിത്രമല്ല, ചിരന്തനമാ,മ-
ച്ചിദ്പ്രകാശശ്രീയാണു നീ!
മിത്ഥ്യയ,ല്ലനവദ്യമാമൊരു
സത്യവിഗ്രഹമാണു നീ!

രണ്ട്

നിർമ്മലേ, ദേവി, നീയൊരു വെറും
നിർമ്മിതിയാവുന്നെങ്ങനെ?
ശുഷ്കഭാവനയ്ക്കോമലേ, ഹാ, നിൻ-
സ്വച്ഛചൈതന്യവിസ്മയം,
ചിത്രണം ചെയ്യാനാവുമോ?—ലോകം
വിശ്വസിക്കുമോ ചൊല്ലിയാൽ?
അല്ല;— ചായങ്ങൾ ചേർത്തു ചാലിച്ച-
തല്ല, നിന്നെ ഞാ,നോമലേ!

മൂന്ന്

നന്ദനാരാമവീഥികൾ വെടി-
ഞ്ഞെന്തിനിങ്ങോട്ടു പോന്നു നീ?



Digitized By Kerala Sahitya Akademi

ഞാനൊരു വെറും ചിത്രകാരകൻ
പ്രാണസൗന്ദര്യയാചകൻ.
ജ്ഞാനഭണ്ഡാരശൂന്യ,നാകല-
മാനസൻ, പ്രണയാലസൻ.
പാവനാദർശലോലുപൻ, വെറും
ഭാവനാമാത്രജീവിതൻ! —
എന്നെയോ വന്നനുഗ്രഹിപ്പു നീ
വിണ്ണിൻ വാടാവെളിച്ചമേ?

നാല്

ഹർഷമേ, രോമഹർഷമേ, സുധാ-
വർഷമേ, നിൻ സമാഗമം,
ശൂന്യമായൊരിജ്ജീവിതപാത്രം
പൂർണ്ണമാക്കമിസ്സന്ധ്യയിൽ,
മായണം ക്ഷണചഞ്ചലോജ്ജ്വല-
മായികമാമിപ്പാഴ്നിഴൽ!
പൊൻചിറകു വിരിച്ചു വാടാത്ത
പുഞ്ചിരിതൻ കിനാവുകൾ,
സഞ്ചിതോന്മദം സന്തതം ചുറ്റും
സഞ്ചരിക്കമാറങ്ങനെ,
നിത്യതതൻ നികുഞ്ജകത്തി,ലി-
ക്കുഡ്മളം വികസിക്കണം!
ഇല്ലെനി,ക്കൊന്നുമില്ല, ലോകത്തിൽ
വല്ലതുമിനി നേടുവാൻ!



Digitized By Kerala Sahitya Akademi

## അഞ്ച്

നിർമ്മലമാ,മീ യൗവനത്തിലു-
ള്ളെൻമധുരപ്രതീക്ഷകൾ;
പ്രേമധാരയിൽ വീണു മുങ്ങിയ
കോമളങ്ങളാമാശകൾ;
ഗാനചിന്തകളാർദ്രമാക്കിയ
മാനസത്തിൻ തുടിപ്പുകൾ;
ശുദ്ധികൊണ്ടു നിറംപിടിച്ചൊ,രെൻ-
മുഗ്ദ്ധസങ്കല്പലീലകൾ;
അസ്മദശ്രുക്കൾ കാട്ടിയോരാത്മ-
വിസ്മൃതിതൻ കിനാവുകൾ;
ഉദ്ധൃതോല്പുളകോല്ക്കടങ്ങളാം
മദവികാരലഹരികൾ;
ഗർവ്വഹീനമെൻജീവിതത്തിലെ-
സ്സർവ്വസദ്ഗുണരശ്മികൾ;—
എന്നിവയെല്ലാമൊന്നുചേ,ർന്നൊരു
പൊന്നുടലെടുത്തെത്തുകിൽ,
ദേവലോകത്തു ചെന്നതു ദിവ്യ-
ജീവചൈതന്യം നേടുകിൽ,
നിന്നഴകിൻനിഴലുപോ,ലതു
നിന്നിടാ,മെൻതിലോത്തമേ!



Digitized By Kerala Sahitya Akademi

### ആറ്

അത്രമാത്രമനാഘയാം നിൻെറ
ചിത്രമേവം രചിക്കുവാൻ,
മദ്കലാപ്രേമമിത്ര കാലവും
ദുഃഖമൂർച്ഛയിൽ നില്ക്കിലും
സ്വപ്നമേ, വന്നീലിന്നോളം, സാങ്ക-
കല്പകത്തണൽ വിട്ടു നീ!
ഇന്നെനിക്കെൻെറ ജന്മസാഫല്യം
തന്നു നീ, ദിവ്യചാരിമേ!
ഇന്നൊരത്ഭുതസിദ്ധിയാക്കി നീ
മന്നിലെൻ ശുഷ്കജീവിതം!
അഭ്യുദയക്കൊട്ടമുടിത്തുഞ്ചിൽ
മജ്ജയക്കൊടി നാട്ടി നീ!
ഇല്ലെനിക്കൊന്നുമില്ല, ലോകത്തിൽ
വല്ലതുമിനി നേടുവാൻ!

### ഏഴ്

ഇത്രനാളുമിജ്ജീവിതത്തിലെ
മൃത്യുവെന്തെന്നറിഞ്ഞു ഞാൻ.
മായികസ്വപ്നനിർവൃതിയുടെ
മാധുരിയാസ്വദിച്ചു ഞാൻ.
ആകയാ,ലാ യഥാർത്ഥമൃത്യുവെൻ-
ലോകജീവിതം മാഴ്കുകിൽ
അച്ചിദാനന്ദമിന്നിതിനേക്കാ-
ളെത്ര കാമ്യമായ്ത്തോന്നിടാം!!



Digitized By Kerala Sahitya Akademi

## എട്ട്

മൽക്കലാപ്രണയത്തിനു നേടാ–
നൊക്കുകില്ലതിൻ മീതെയായ്,
മറ്റൊരു നിധി, നീണ്ട ജീവിത–
മെത്രമാത്രം ശ്രമിക്കിലും!
ജന്മവാസനകൊണ്ടു നേടിയൊ–
രമ്മഹനീയപാടവം,
ചിത്രതല്പജമൊന്നിനാലൊരു
നിത്യജീവിതമേകി മേ!
ഹാ, മരിക്കിലും, ഞാൻ മരിക്കുകി–
ല്ലോമലാളേ, നീ കാരണം!
വിസ്തൃതമാമീ വിശ്വരംഗത്തിൽ
വിസ്മയാസ്പദേ, നിന്നെ ഞാൻ,
എന്നെന്നേക്കുമായ് വിട്ടുപോകിലും
നിന്നിലെന്നെന്നും നിന്നിടും!
മഞ്ജുവിഗ്രഹേ, ഞാനൊരു വെറും
മന്ദഭാഗ്യനാണെങ്കിലും;
വിദ്രുമോജ്ജ്വലേ, ഞാനൊരു വെറും
വിത്തശൂന്യനാണെങ്കിലും;
ഭദ്രദീപികേ, ഞാനൊരു വെറും
ക്ഷുദ്രജീവിയാണെങ്കിലും;
എന്നൊരുനാളുമാവുകില്ലിനി
മന്നിനെന്നെ മറക്കുവാൻ!



Digitized By Kerala Sahitya Akademi

ഒമ്പതു്

കേവലസ്വപ്നമാത്രമാകുമി-
ജ്ജീവിതം നീണ്ടുനില്ക്കുകിൽ,
മേലിലും വലിച്ചീടുമാശ,യെൻ-
പേലവമാം മനസ്സിനെ,
മന്നിലെങ്ങും തെളിഞ്ഞിടുമാരോ
മഞ്ജിമയെപ്പുണരുവാൻ
ആകയില്ലെനിക്കെന്നാൽ, മററൊരു
നാകസൗഭഗമീവിധം,
ചിത്രണംചെയ്വാൻ മേലി,ലാകയാ-
ലിക്ഷണം ഞാൻ മരിക്കണം!
പാവനേ, നിൻെറ മുന്നി,ലിന്നെൻെറ
ജീവിതസ്വപ്നം മായണം!—
എങ്കിൽ, മന്നിനെന്നെന്നും ഞാനൊരു
പൊൻകിനാവായിത്തീർന്നിടും!
മാമകാമലജീവിതമൊരു
രോമഹർഷമായ് വാഴ്ത്തിടും!!........

*  *  *

പത്തു്

മത്സിരകൾ തളർന്നിടുന്നു,—ഹാ!
മത്സരിപ്പു മൽപ്രജ്ഞകൾ!
സ്പന്ദനങ്ങൾ മുറുകിടുന്നു, നി-
ഷ്പന്ദമാകുന്നെൻ ചൈതന്യം!



Digitized By Kerala Sahitya Akademi

അല്ലെങ്കിലെന്തി,നിന്നെൻചൈതന്യ-
മെല്ലാം നിന്നിലലിഞ്ഞതല്ലോ!
പോയല്ലോ നിന്നിലേക്കു മത്സത്വം
ചായക്കൂട്ടിലൂടൊക്കെയും!
ശിഷ്ടമിന്നെനിക്കുള്ളതീ വെറു-
മസ്ഥിപഞ്ജരംമാത്രമാം!
ആയതു,മടി പേച്ചുവേ,ച്ചെന്തി-
താപതിക്കവാൻ പോകയോ!
ഏതോ ധൂമികക്കുള്ളിൽ, വിസ്തൃത-
ഭൂതലം മറയുന്നിതോ!
എന്തു മാററ,മിതെന്തിനാകാ,മി-
തെന്തു?— ഞാൻ മരിക്കുന്നുവോ!!
അത്ഭുതം!—.ഹാ, മരണമേ വരൂ
സസ്പൃഹമെതിരേല്പൂ ഞാൻ!
വെൽക, മൽക്കലാഭാഗ്യർത്ഥമേ!
വെൽക നീ,യെൻതിലോത്തമേ!!

*                    *                    *

പതിനൊന്നു്

ലാലസിച്ചിതാ മച്ചിലൊക്കെയും
ലോലസായാഹ്നദീപ്തികൾ.
അന്തിമാരുണകാന്തിവീചികൾ
ചിന്തിയ വാനിലേകയായ്,
ഉല്ലസൽദ്യുതി തൂകിനിന്നിതുൽ-
ഫുല്ലതാരക,യെന്തിനോ!!........

*                    *                    *



Digitized By Kerala Sahitya Akademi

### പന്ത്രണ്ട്

ഒന്നു മുന്നോട്ടേയ്ക്കാഞ്ഞിതാവേശ-
മന്ദ്യ,നക്കലാകാരകൻ!....
ആ മുഖത്തൊരു ഗാഢചുംബനം
പ്രേമപൂർവ്വകമേകവേ,
തീർന്നിതാ രംഗം! —കാലിടറി,യ-
ങ്ങൂന്നുവീണു നിവർത്തവൻ!
ആ മിഴികളടഞ്ഞു! —കൂരിരുൾ
വീണു ഭൂമിയിലൊക്കെയും!

*　　　*　　　*

### പതിമൂന്ന്

കേവലമൊരു മൃത്യുവല്ലതു
ജീവിതോൽകൃഷ്ടസിദ്ധിയാം! —
അക്കലാപ്രേമദിവ്യശക്തിയാ-
ലർപ്പിതമായ മുക്തിയാം! —
ഉണ്ടൊരവ്യക്തമർമ്മരാംശമ-
ച്ചുണ്ടിലൂറുന്നതിപ്പൊഴും!....

“വെൽക, മൽക്കലാ-
ഭാഗ്യതാരമേ!
വെൽക, വെൽകെൻ-
തിലോത്തമേ േ േ േ മ !!”

ഇടപ്പള്ളി
1111 മകരം 15.



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | ക. | ന.പ. |
|---|---|---|
| രമണൻ | 1 | 50 |
| ദേവഗീത | 2 | 00 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 00 |
| അപരാധികൾ | 1 | 00 |
| ദിവ്യഗീതം | 1 | 50 |
| ഓണപ്പൂക്കൾ | 1 | 00 |
| ബാഷ്പാഞ്ജലി | 1 | 50 |
| രക്തപുഷ്പങ്ങൾ | 1 | 25 |
| സങ്കല്പകാന്തി | 1 | 25 |
| ആകാശഗംഗ | 1 | 00 |
| കളിത്തോഴി | 2 | 50 |
| വത്സല | 0 | 50 |
| ആരാധകൻ | 0 | 50 |
| മോഹിനി | 0 | 50 |
| ദേവത | 0 | 50 |
| തിലോത്തമ | 0 | 50 |
| കലാകേളി | 0 | 75 |
| ശ്രീതിലകം | 1 | 00 |
| ചൂഡാമണി | 1 | 00 |
| കരടി | 0 | 50 |
| വിവാഹാലോചന | 0 | 50 |
| അനശ്വരഗാനം | 0 | 50 |
| യവനിക | 1 | 50 |
| ഹേമന്തചന്ദ്രിക | 1 | 50 |
| സാഹിത്യചിന്തകൾ | 1 | 00 |
| നിർവൃതി | 0 | 50 |
| ദേവയാനി | 0 | 50 |
| മഞ്ഞക്കിളികൾ | 1 | 00 |

Digitized By Kerala Sahitya Akademi

| | ക. | നപ. |
|---|---|---|
| കല്ലോലമാല | 1 | 25 |
| മൗനഗാനം | 1 | 00 |
| നിർവ്വാണമണ്ഡലം | 0 | 75 |
| അസ്ഥിയുടെ പൂക്കൾ | 0 | 75 |
| പാടുന്ന പിശാച് | 1 | 50 |
| മദിരോത്സവം | 2 | 00 |
| സ്വരരാഗസുധ | 2 | 00 |
| ഉദ്യാനലക്ഷ്മി | 1 | 12 |
| മണിവീണ | 0 | 75 |
| മാനസേശ്വരി | 0 | 37 |
| മയൂഖമാല | 0 | 56 |
| സുധാംഗദ | 0 | 94 |
| അമൃതവീചി | 0 | 75 |
| പെല്ലീസും മെലിസാന്ദയും | 1 | 50 |
| മാനസാന്തരം | 1 | 50 |
| പ്രതികാരദുർഗ്ഗ | 2 | 50 |
| കഥാരത്നമാലിക | 1 | 12 |
| നീറുന്ന തീച്ചൂള | 1 | 25 |
| തളിർത്തൊത്തുകൾ | 1 | 00 |
| രാഗപരാഗം | 1 | 00 |
| ഹനേലെ | 1 | 50 |
| നർത്തകി | 0 | 50 |
| ശ്മശാനത്തിലെ തുളസി | 0 | 75 |
| പൂനിലാവിൽ | 1 | 50 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 00 |
| അവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 50 |
| വസന്തോത്സവം .... | 0 | 75 |
| ശിഥിലഹൃദയം (ചെറുകഥകൾ) | 1 | 00 |

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi